കേരള കൗമുദി
SINCE 1911
18 August 2023

# ജൈവ പച്ചക്കറിക്കൃഷിയിൽ വെന്നിക്കൊടി പാറിച്ച് മൂവർ സംഘം

▸മുഹമ്മദ്സലീംഎഎ

ആലങ്ങാട്: ഇരുപതോളം ഇനങ്ങളിൽ പെട്ട പച്ചക്കറികൾ മൂന്നേക്കറോളം ഭൂമിയിൽ കൃഷി ചെയ്യുകയാണ് മാഞ്ഞാലി മാട്ടുപുറത്തെ യുവ കർഷകരായ അൻസാർ, സജിൽ,മനാഫ് എന്നിവർ. ജൈവ രീതിയിൽ ചെയ്യുന്ന കൃഷിവിളവെടുപ്പിന് പാകമായി. കരുമാല്ലൂർപഞ്ചായത്തിലെ കാർഷിക ഗ്രാമമായ മാട്ടുപുറത്ത് നിന്നുള്ള മൂവർ സംഘംവർഷങ്ങളായികർഷകവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവരാണ്.

ലക്ഷങ്ങൾ ചെലവാക്കി ആരംഭിച്ച കൃഷി വിളവെടുപ്പിന് തയ്യാറായി നിൽക്കവേ 2018ലെ പ്രളയത്തിൽ നശിച്ചു. മുഴുവൻ കൃഷിയും നഷ്ടപ്പെട്ട ഇവർ വിധിക്ക് മുന്നിൽ പതറിയില്ല. പിന്നീടുള്ള വർഷങ്ങളിൽ ചെറിയ രീതിയിൽ കൃഷി തുടങ്ങി. കൃഷിക്കൊപ്പം കളമശേരി പദ്ധതിയിൽ കൃഷി വിപുലമാക്കി.

കൃഷിക്കാവശ്യമായ വിത്തുകളും സാങ്കേതിക സഹായങ്ങളും നൽകി എറണാകുളം കൃഷി വിജ്ഞാൻ കേന്ദ്രയിലെ ഷോജി എഡിസണും ആത്മയിലെ ടി.എൻ നിഷിലും എത്തി. വകുപ്പ് തല സഹായവുമായി കരുമാല്ലൂർ കൃഷി ഓഫീസർ എൽസ ഗിൾസും സജീവമായി. ഇതോടെ വിശാലമായ മൂന്ന് ഏക്കറോളം വരുന്ന സ്ഥലം പാട്ടത്തിന് കണ്ടെത്തി.



അൻസാറുംസജിലുംമനാഫുംവിളവെടുത്തപച്ചക്കറികളുമായി

## ആധുനിക കൃഷി രീതി

കൃഷിയുടെ നൂതന മാർഗങ്ങൾ പരീക്ഷിച്ച് കൃഷിയിൽ നേട്ടം കൊയ്യുകയാണിവർ. മൾച്ചിംഗ് ഷീറ്റ് ഉപയോഗിച്ച് വാരം മൂടി കളകളെ നിയന്ത്രിച്ചു. വെള്ളവും വളവും ഡ്രിപ് ഇറിഗേഷനിലൂടെ നൽകിയതോടെ സമയവും ലാഭം. തീർത്തും ജൈവികമായ രീതിയിലാണ് വളവും കീട നിയന്ത്രണവും.

## ആവശ്യക്കാരേറെ

ജൈവ പച്ചക്കറിയായതിനാൽ ആവശ്യക്കാർ ഏറെയാണ്. മുമ്പ് വിപണി കണ്ടെത്താനും മറ്റും കഷ്ടപ്പെടുകയായിരുന്നെങ്കിൽ ഇന്ന് നിരവധി മാർഗങ്ങളുണ്ടെന്ന് മൂവരും പറയുന്നു. അതിരാവിലെ മൂന്നു പേരും ചേർന്നെടുക്കുന്ന വിളവ് ഇവർ തന്നെ നാടൻ ജൈവ പച്ചക്കറി സ്റ്റാളുകൾ വഴിയും സഹകരണ ബാങ്കുകൾ നടത്തുന്ന സ്റ്റാളുകൾ വഴിയും വില്പന നടത്തുന്നു. ധാരാളം ആളുകൾ കൃഷിയിടത്തിൽ എത്തി പച്ചക്കറി വാങ്ങുന്നുണ്ട്.